**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4707** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. മുരളി പെരുനെല്ലി** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും കർഷകർക്ക് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്ത വകയിലും ചെലവായ തുക കണക്കാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച വകയിൽ 12,23,72,911/-രൂപയും, കർഷകർക്ക് മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത വകയിൽ 68,29,27,948/- രൂപയും ചെലവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഫലമായി ഉൾനാടൻ മത്സ്യത്തിന്റെ അളവിൽ വർദ്ധനവുണ്ടാകുന്നതിനും മത്സ്യകൃഷി ലാഭകരമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുക; | (ബി) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിലൂടെയും കർഷകർക്ക് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്തതിലൂടെയും ഉൾനാടൻ മത്സ്യത്തിന്റെ അളവിൽ വർദ്ധനവ് ഉണ്ടാകുന്നതിനും മത്സ്യകൃഷി ലാഭകരമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷി വഴിയുള്ള മത്സ്യോൽപാദനവും പൊതുജലാശയങ്ങളിൽ നിന്നുള്ള മത്സ്യോൽപാദനവും സംബന്ധിച്ച വിവരശേഖരണത്തിനായി ഇൻലാന്റ് എന്യൂമറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ ഫീൽഡ്തല ജീവനക്കാരായ അക്വാകൾച്ചർ പ്രൊമോട്ടർമാർ, പ്രോജക്റ്റ് കോ-ഓർഡിനേറ്റർമാർ എന്നിവരും ഫീൽഡ്തലത്തിൽ പരിശോധന നടത്തുന്നുണ്ട്. |
| (സി) | മത്സ്യകുഞ്ഞുങ്ങളെ ചെറുകിട മത്സ്യകർഷകർക്ക് വിതരണം ചെയ്തതിന് ശേഷം വകുപ്പ് ജീവനക്കാർ കൃഷിയിടം സന്ദർശിക്കുകയും അവയുടെ വളർച്ചയെ സംബന്ധിച്ചും കൃഷി ലാഭകരമാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ടായിരുന്നോ; | (സി) | മത്സ്യകുഞ്ഞുങ്ങളെ ചെറുകിട മത്സ്യകർഷകർക്ക് വിതരണം ചെയ്ത ശേഷം ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും ഫീൽഡ്തല ജീവനക്കാരും കൃഷിയിടം സന്ദർശിക്കുകയും മത്സ്യങ്ങളുടെ വളർച്ചയെ സംബന്ധിച്ചും കൃഷി ലാഭകരമാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. മത്സ്യകർഷകർക്ക് നൽകിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | ഫാർമേഴ്സ് കാർഡിൽ ഇത്തരം സന്ദർശനങ്ങൾ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | വംശനാശം നേരിടുന്ന ഉൾനാടൻ മത്സ്യങ്ങളുടെ പുനുജീവനം കൂടി ഉറപ്പുവരുത്തി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ